പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 129 — 06.03.2017-ൽ മറുപടിക്ക്

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി തുക വിനിയോഗം

| ചോദ്യം | ഉത്തരം |
| --- | --- |
| പ്രൊഫ.കെ.യു. അരുണൻ<br>ശ്രീ.വി. കെ. സി. മമ്മത് കോയ<br>,, ഐ.ബി. സതീഷ്<br>,, ഒ. ആർ. കേളു | ഡോ. കെ. ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി തുക വിനിയോഗിക്കുന്നതിൽ വേണ്ടത്ര പുരോഗതി കൈവരിക്കാത്തതിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടെങ്കിൽ വിശദാംശം നൽകുമോ; | എ) വാർഷിക പദ്ധതികൾ സമയബന്ധിതമായി തയ്യാറാക്കി അംഗീകാരം വാങ്ങുന്നതിനുണ്ടായ കാലതാമസം പദ്ധതി തുക വിനിയോഗിക്കുന്നതിൽ വേണ്ടത്ര പുരോഗതി കൈവരിക്കുന്നതിന് തടസ്സമായിട്ടുണ്ട്. നിയമസഭാ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം കാരണം പദ്ധതി ആസൂത്രണ നടപടികൾ വൈകുന്നതിന് കാരണമായി. കൂടാതെ നോട്ട് നിരോധനം മൂലം ഉണ്ടായ പണ ദൗർലഭ്യം നിർമ്മാണ പ്രവൃത്തികൾ തടസ്സപ്പെടുന്നതിനിടയാക്കി മാത്രമല്ല പൂർത്തീകരിച്ച പ്രവൃത്തികളുടെ ബില്ലുകൾ ട്രഷറിയിൽ നിന്ന് മാറി നൽകാൻ കഴിയാതിരുന്നത് പദ്ധതി തുകയുടെ ചെലവ് ശതമാനത്തിൽ കുറവുണ്ടാക്കിയിട്ടുണ്ട്.<br><br>2016-17 വാർഷിക പദ്ധതിയുടെ പ്രവർത്തനങ്ങൾ മിക്കവാറും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 2016 മെയ് മാസത്തെ നിയമസഭാ തിരഞ്ഞെടുപ്പിന് ശേഷമാണ് ആരംഭിച്ചത്. 2016 സെപ്റ്റംബർ മാസത്തോട്ടു കൂടിയാണ് പദ്ധതികൾക്ക് ഡി.പി.സി അംഗീകാരം നേടിയെടുക്കുവാൻ സാധിച്ചിട്ടുള്ളത്. കൂടാതെ പുതുതായി രൂപീകരിച്ച |

നഗരസഭകളിൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെയും മറ്റ ജീവനക്കാരുടെയും അഭാവം പദ്ധതി പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ട്.

ഐ.എ.വൈ പദ്ധതി പി.എം.എ.വൈ പദ്ധതിയായി മാറിയതു മൂലം എഗ്രിമെന്റ് നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിട്ടു. നോട്ട് അസാധുവാക്കലിന്റെ ഫലമായി നോൺ ബാങ്കിംഗ് ട്രഷറികളിൽ ബില്ല് മാറുന്നതിന് കാലതാമസം നേരിട്ടു. ഈ വർഷം മുതൽ പ്രൈസ് സോഫ്റ്റ് വെയർ മുഖേന എസ്റ്റിമേറ്റ് തയ്യാറാക്കി എന്നതും സാങ്കേതികാനുമതി ലഭ്യമാക്കേണ്ടി വന്നതും കൂടാതെ പുതിയ റേറ്റുകൾ ഫൈനലൈസ് ചെയ്യുന്നതിന് കാലതാമസം നേരിട്ടതും പദ്ധതി തുക വിനിയോഗിക്കുന്നതിൽ കാലതാമസം ഉണ്ടാകാൻ കാരണമായി. കൂടാതെ ജല ദൗർലഭ്യം കാരണം കാർഷിക മേഖലയിലെ പ്രോജക്ടുകൾ ആരംഭിക്കാൻ സാധിക്കാത്തതും സാങ്കേതികാനുമതി ആവശ്യ പ്രോജക്ടുകൾ സോഫ്റ്റ് വെയറിലെ പ്രശ്നം മൂലം അംഗീകാരം ലഭിക്കാൻ താമസിച്ചതും പദ്ധതി നിർവ്വഹണത്തെ ബാധിച്ചു.

| | |
|---|---|
| ബി) സർക്കാർ മുഴുവൻ തുകയും അനുവദിച്ചിട്ടും പദ്ധതി നിർവഹണത്തിൽ വീഴ്ച വരുത്താനിടയാക്കിയത് സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നത് ഒഴിവാക്കാനായി ഏതു തരത്തിലുള്ള ഇടപെടൽ സാധ്യമാണെന്ന് അറിയിക്കാമോ; | ബി) പദ്ധതികൾക്ക് അംഗീകാരം വാങ്ങി നിർവ്വഹണ നടപടികൾ തുടങ്ങുന്നതിന് കാലതാമസം ഉണ്ടായിട്ടുണ്ടെങ്കിലും ആയത് വികസന പ്രവർത്തനങ്ങളെ ബാധിച്ചിട്ടില്ല.<br><br>സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം എല്ലാ ദിവസവും മോണിറ്റർ ചെയ്തു വരുന്നു.<br><br>പ്രോജക്ടുകളുടെ ഭേദഗതിക്ക് സമയം അനുവദിച്ചും വരൾച്ച നേരിടുന്നതിന് സത്വര നടപടി സ്വീകരിച്ചും പദ്ധതി നിർവ്വഹണ പുരോഗതി നിരന്തരം മോണിറ്റർ ചെയ്തും ലക്ഷ്യം കൈവരിക്കാൻ കഴിയും. |

| | |
|---|---|
| സി) വരുംവർഷങ്ങളിൽ ഈ പ്രതിസന്ധി ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ? | 2017-2022 കാലയളവിൽ പതിമൂന്നാം പഞ്ചവത്സര പദ്ധതിയും 2017-18 വാർഷിക പദ്ധതിയും തയ്യാറാക്കുന്നതിന് 09/01/2017 ലെ ജി.ഒ(എം.എസ്) നമ്പർ 11/2017/തസ്വഭവ പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതാണ്. 2017-18 വാർഷിക പദ്ധതിക്ക് 31/03/2017 ന് മുമ്പ് അംഗീകാരം നേടി ഏപ്രിൽ ഒന്ന് മുതൽ നിർവ്വഹണം ആരംഭിക്കുവാൻ കഴിയണമെന്നും സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ളതാണ്. ഇതനുസരിച്ച് 2017-18 ലെ പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |

Liya

സെക്ഷൻ ഓഫീസർ